# കേരള സർവകലാശാല

നം.പി.ആർ.75/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഓൺലൈൻ ലൈബ്രറി സംവിധാനം ഒരുക്കി കേരള സർവകലാശാല

പഠനഗവേഷണ പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഗവേഷകരും വിദ്യാർത്ഥികളും ഓൺലൈൻ ലൈബ്രറി സംവിധാനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കേരള സർവകലാശാല.

കോവിഡ് കാലത്ത് നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ ഫലവത്താക്കാൻ സർവകലാശാലയുടെ uni@home പദ്ധതി പ്രയോജനപ്പെടുത്തണമെന്ന് സർവകലാശാല. സർവകലാശാലയുടെ ലൈബ്രറിയിലും, കാര്യവട്ടം കാമ്പസിലും മാത്രം ലഭിച്ചിരുന്ന വിവിധ വിഷയങ്ങളുടെ ഓൺലൈൻ ജേർണലുകളുടെ വിപുലമായ ശേഖരം കോവിഡ് ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്കും, ഗവേഷകർക്കും അദ്ധ്യാപകർക്കും വീടുകളിൽ ഇരുന്ന് തന്നെ വായിക്കാനും, പ്രിന്റെടുക്കാനും കഴിയുന്ന സംവിധാനമാണ് uni@home. സർവകലാശാലക്കുള്ളിൽ ഇന്റർനെറ്റ് ഉപയോഗിക്കാൻ ഓരോ വിദ്യാർത്ഥിക്കും അദ്ധ്യാപകർക്കും നല്കിയിട്ടുള്ള ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ഈ പദ്ധതി പ്രയോജനപ്പെടുത്താം. വിവിധ വിഷയങ്ങളിലായി മൂവായിരത്തോളം ഓൺലൈൻ ജേർണലുകളാണ് സൗജന്യമായി ഇതിലൂടെ വീടുകളിലിരുന്ന് ഇന്റർനെറ്റ് സംവിധാനമുള്ള മൊബൈൽ, ലാപ്‌ടോപ്പ്, ടാബ്, കമ്പ്യൂട്ടർ എന്നവയിലേതിൽ വേണമെങ്കിലും ഇവ ലഭ്യമാകും.

### മസ്റ്ററിംഗ് - പുതുക്കിയ തീയതി ലോക്ക്ഡൗണിനു ശേഷം

കേരള സർവകലാശാലയിലെ പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും ഈ വർഷത്തെ മസ്റ്ററിംഗ്, സംസ്ഥാനത്ത് ലോക്ക്ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി ലോക്ഡൗൺ അവസാനിച്ചതിനു ശേഷം അറിയിക്കുന്നതാണ്.

തിരുവനന്തപുരം

05.05.2020

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

| |
|---|
| **University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098** |